ഉത്തരം

(എ) ഒരു പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്.

(ബി ആൻറ് സി) (i) മ്യൂസിയം സ്പെഷ്യൽ റൂൾസ് ജീവനക്കാരുമായുള്ള വിശദമായ ചർച്ചയ്ക്കുശേഷം നടപ്പിലാക്കുക.

(ii) എല്ലാ ജീവനക്കാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ എൻ.ഐ.സി.-യുമായി ചേർന്ന് 'ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്കീം' നടപ്പിലാക്കുക.

(iii) ജീവനക്കാരുടെ വാർഷിക ഇൻക്രിമെൻറ്, ഗ്രേഡ് പ്രമോഷൻ മുതലായ കാര്യങ്ങളിൽ വേണ്ട നടപടികളും സ്വീകരിക്കുക എന്നിവയാണ് ചർച്ചയിൽ കൈക്കൊണ്ട തീരുമാനങ്ങൾ. ഇവയിൽ വാർഷിക ഇൻക്രിമെൻറ് അനുവദിച്ചിട്ടുണ്ട്. 'മ്യൂസിയം സ്പെഷ്യൽ റൂൾസ്' രൂപീകരണം സർക്കാരിൻെറ സജീവ പരിഗണനയിലാണ്. 'ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്കീം' സംബന്ധിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ബി ആൻറ് സി യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

എൻട്രൻസ് പരീക്ഷ

50 [1572] ശ്രീ. ടി. എൻ. പ്രതാപൻ:
,, ലൂഡി ലൂയിസ്:
,, എം. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിനായി എൻട്രൻസ് പരീക്ഷ നടത്തിയതെന്നായിരുന്നു;

(ബി) പ്രസ്തുത പരീക്ഷ തടയുവാൻ ആരെല്ലാം ശ്രമിച്ചു;

(സി) അതിൻെറ ഫലമായി എത്ര സെൻററുകളിൽ പരീക്ഷ നടത്താൻ കഴിയാതെ വന്നു;

(ഡി) എത്ര സ്ഥലങ്ങളിൽ ക്രമസമാധാന പ്രശ്നം ഉണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ കൺസോർഷ്യം 26-6-2005-നും സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ കൺസോർഷ്യം 9-7-2005-നും പ്രവേശന പരീക്ഷ നടത്തി.

(ബി) വിവിധ പ്രതിപക്ഷ വിദ്യാർത്ഥി യുവജന സംഘടനകളും ഈ പരീക്ഷകളും തടസ്സപ്പെടുത്താൻ ശ്രമിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ ഒരു സെൻററിൽ (എസ്.എൻ. എഞ്ചിനീയറിംഗ് കോളേജ്, പയ്യന്നൂർ) തടസ്സപ്പെട്ടു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly